# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5198 — 31/10/2016-ന് മറുപടിക്ക്

## എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ റാങ്ക് ലിസ്റ്റ്

**ചോദ്യം** — ശ്രീ.എം.സ്വരാജ്

**ഉത്തരം** — ശ്രീ.പിണറായി വിജയൻ, മുഖ്യമന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ പുതിയ റാങ്ക് ലിസ്റ്റ് എല്ലാ ജില്ലകളിലും പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ; | (എ) | 31.08.2016-ന്. |
| (ബി) | ഇവയുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതിയും, വെരിഫിക്കേഷൻ നടത്തിയ തീയതിയും വെരിഫിക്കേഷൻ അറിയിപ്പ് നൽകിയ രീതിയും ജില്ലകൾ തിരിച്ച് അറിയിക്കുമോ; | (ബി) | 28.07.2016 മുതൽ 06.08.2016 വരെയുള്ള വിവിധ തീയതികളിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചത്. 01.08.2016 മുതൽ 22.08.2016 വരെ തീയതികളിൽ പ്രമാണ പരിശോധന നടന്നിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് SMS, Profile Message, Telephone, പത്രക്കുറിപ്പ്, PSC Website-ലെ അറിയിപ്പ്, തപാൽ എന്നീ മാർഗ്ഗങ്ങളിൽ പി.എസ്.സി.അറിയിപ്പ് നൽകിയിരുന്നു. |
| (സി) | നിയമാനുസൃതമായാണോ മേൽ നടപടികൾ എന്ന് വ്യക്തമാക്കുമോ; | (സി) | അതെ |
| (ഡി) | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷവും വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | (ഡി) | ഇല്ല |
| (ഇ) | പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അനാവശ്യമായ ധൃതി കാണിച്ചതിനു പിന്നിലെ കാരണം അറിയിക്കുമോ; | (ഇ) | 31.08.2016-ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുക എന്ന കമ്മീഷൻ തീരുമാനപ്രകാരമാണ് ലിസ്റ്റ് തയ്യാറാക്കിയത്. |
| (എഫ്) | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി വരെയുള്ള ഒഴിവുകളിലേക്ക് പഴയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (എഫ്) | പഴയ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന തീയതി വരെ എഴുതി അറിയിച്ച ഒഴിവിലേയ്ക്ക് ടി ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകുന്നതാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ